# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP6-393/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP6-393/2022 തീയ്യതി: 27/05/2022

## തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ് ശ്രീജ | ഡെപ്യൂട്ടി ഡയറക്ടർ | 04-02-2022 | 15-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-02-2022 | 15-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി എം ലതാകുമാരി ഓഡിറ്റ്ഓഫീസർ
ശ്രീമതി തനുജ എം എൻ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല പി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ്, ശ്രീ ഭഗവതി, പുരേക്കോണം, ആനാട് പി ഒ | പ്രസിഡന്റ് | 01-04-2020 | 30-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് സമിതി | പ്രസിഡന്റ് | 31-10-2020 | 22-12-2020 |
| ശ്രീമതി.ശൈലജ, പത്മവിലാസം, ആലംകോട് ആനാട് | പ്രസിഡന്റ് | 23-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയകുമാർ എസ്, ആശാഭവനം താഴെവിളാകം, കരകുളം. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. രഞ്ജിത്ത് , MVRA A-26, തുഷാര, മണ്ണറക്കോണം , വട്ടിയൂർക്കാവ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| സപര്യ, സാരാഭായ് നഗർ, കരകുളം പി ഓ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 01-04-2020 | 31-03-2021 |
| ഡോ. ഷൈലജാദേവി ,മാധവം, B86/A | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 07-02-2021 |
| ഡോ അനിതകുമാരി , ശുഭ , വഴയില, പേരൂർക്കട | മെഡിക്കൽ ഓഫീസർ ആയുർവേദം. | 07-02-2021 | 31-03-2021 |
| ഡോ ശുഭ , ആരാധന, മുക്കോലയ്ക്കൽ, നെടുമങ്ങാട് പി ഒ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിനി ജെ എസ്, കൃഷ്ണകൃപ, അമരവിള പി ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 26-02-2021 |
| ശ്രീ ദീപക് , | അസിസ്റ്റന്റ് എഞ്ചിനീയർ | 15-03-2021 | 31-03-2021 |
| സോഫീയ, സോഫീയ കോട്ടേജ്, പാലസ് നഗർ 52, നിയർ KSEB, | ഫീഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| കഴക്കൂട്ടം. പി ഒ | | | |
| ശ്രീ സുരേഷ്, ദിവ്യശ്രീ, പത്മനാഭനഗർ,നെട്ടയം പി ഒ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| റെഫീക്,അൽഫ, No 101, | സെക്രട്ടറി | 11-06-2020 | 01-07-2020 |
| എം അഷ്‌റഫ്, A S മൻസിൽ കൊല്ലങ്കാവ് പഴകുറ്റി പി ഒ | സെക്രട്ടറി | 02-07-2020 | 31-03-2021 |
| ബീന സി വി, ശ്രീകൃഷ്ണ, NCC റോഡ്, പേരൂർക്കട പി ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഷീബ, പുളിയറത്തല വീട്, കരിപ്പൂര് പി ഒ | വി ഇ ഒ Circle I | 01-04-2020 | 31-03-2021 |
| ശ്രീമതി.അനശ്രീ.എ,.എസ്, ചൂഴംമ്പാല, മുക്കോല പി.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ബിന്ദു ആർ , ഇന്ദീവരം, ആനാട് പി ഒ | ഹെഡ് മാസ്റ്റർ ഗവ. എൽ പി എസ്, ആനാട് | 01-04-2020 | 18-06-2020 |
| റാണിച്ചിത്ര എൻ ആർ ,നാഗച്ചേരി, ആനാട് പി ഒ | ഹെഡ് മാസ്റ്റർ ഗവ. എൽ പി എസ്, ആനാട് | 19-06-2020 | 31-03-2021 |
| ദീജ്ഞ, TC 31/1254 No 217A , Ist Line, G.C Lane, മണ്ണാംമൂല, പേരൂർക്കട | VEO Circle II | 01-04-2020 | 31-03-2021 |
| കുമാരി ശ്രീദേവി ,TP20/1&31,Meltra 669, മേലേതമ്പാനൂർ, തമ്പാനൂർ പ് ഒ | DFI | 01-04-2020 | 23-07-2020 |
| കൃഷ്ണകുമാർ റ്റി കെ, തുളസിഭവൻ, പഴംചാല, ചാല പി ഒ | DFI | 24-07-2020 | 02-03-2021 |
| രാജീവ് സി, രാജീവ് ഭവൻ, പുരവൂർ ക്കോണം, കരകുളം പി ഒ | DFI | 02-03-2021 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 22-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-05-2022) | 1-1 |
| 2 | ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ.<br>Written By: THANUJA M.N. (Senior Grade Auditor, On 27-02-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 01-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-3 |
| 5 | പദ്ധതി ആസൂത്രണം<br>Written By: THANUJA M.N. (Senior Grade Auditor, On 01-03-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 1-4 |
| 6 | ക്ഷേമ പെൻഷൻ<br>Written By: Lathakumari M (Audit Officer, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-5 |
| 7 | പെൻഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-5-1 |
| 8 | പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: K Sreeja (Deputy Director, On 27-05-2022) | 1-5-2 |
| 9 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-05-2022) | 1-5-3 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: KALA P. (Auditor, On 22-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-05-2022) | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-05-2022) | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lathakumari M (Audit Officer, On 20-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-8 |
| 13 | മറ്റ് ഓഡിറ്റ് നടത്തിയ വിവരം<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-9 |
| 14 | ലൈബ്രറിയുടെ വരവ് സംബന്ധിച്ച്.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-10 |
| 15 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-11 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക--അപാകതകൾ.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-12 |

| | | |
|---|---|---|
| 17 | കെട്ടിട പെർമിറ്റ് ഫീസ് സംബന്ധിച്ച്.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-13 |
| 18 | ലേലം സംബന്ധിച്ച്.<br>Written By: KALA P. (Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-05-2022) | 1-14 |
| 19 | മോബൈൽ ടവറുകളിൽ നിന്ന് നികുതി ഈടാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-15 |
| 20 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിക്കുന്നില്ല.<br>Written By: Swapna.S (Senior Grade Auditor, On 23-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-16 |
| 21 | സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.<br>Written By: Swapna.S (Senior Grade Auditor, On 23-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-17 |
| 22 | വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ.<br>Written By: THANUJA M.N. (Senior Grade Auditor, On 01-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-05-2022) | 1-18 |
| 23 | വെള്ളക്കരം-സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 19-05-2022) | 1-19 |
| 24 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-20 |
| 25 | വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-21 |
| 26 | KWA, KSEB നിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-22 |
| 27 | ജനന, മരണ,വിവാഹ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-23 |
| 28 | കംപ്യൂട്ടർ നെറ്റ്‌വർക്കിംഗ്-ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 1-24 |
| 29 | സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ്- അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 02-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-25 |
| 30 | കമ്മ്യൂണിറ്റി കിച്ചണിനു വേണ്ടി ശേഖരിച്ച അരി പാഴായി.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-26 |
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-27 |
| 32 | എ ബി സി പ്രോഗ്രം വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല.<br>Written By: Swapna.S (Senior Grade Auditor, On 23-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-28 |
| 33 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Swapna.S (Senior Grade Auditor, On 23-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-29 |
| 34 | ടി ആർ 7 എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.<br>Written By: Swapna.S (Senior Grade Auditor, On 23-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 1-30 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക.<br>Written By: Lathakumari M (Audit Officer, On 20-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Lathakumari M (Audit Officer, On 20-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 21-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathakumari M (Audit Officer, On 20-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 20-05-2022) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 23-03-2020- ലെ 1-ാം നം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പുൾപ്പെടെ പ്രതീക്ഷിത വരവ് 357434213/- രൂപയും, പ്രതീക്ഷീത ചെലവ് 217422000/-രൂപയും, നീക്കിയിരിപ്പ് 140012213/- രൂപയുമാണ്.

### 1-1-1 ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്.

| ക്രമനം | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | 2020-2021 ലെ പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരം വകയിരിത്തിയത് |
|---|---|---|---|---|
| 1 | 2501034 | Animal Husbandry Calf | 693000 | 300000 |
| 2 | 2501035 | Animal Husbandry-Poultry | 305400 | 300000 |
| 3 | 2501045 | Dairy Development -Fodder Grass | 921300 | 400000 |
| 4 | 2501046 | Dairy Development-Storage And Marketing | 836376 | 600000 |
| 5 | 2501048 | Dairy Development-Infrastucture | 921300 | വകയിരിത്തിയിട്ടില്ല |
| 6 | 2511002 | Primary Education | 396680 | 200000 |
| 7 | 2511013 | Education-Related Activities | 760000 | 700000 |
| 8 | 2512001 | PHC,CHC &Other Hospitals/Dispensaries | 899492 | 500000 |
| 9 | 2512005 | Hospital Waste Management | 100000 | വകയിരിത്തിയിട്ടില്ല. |
| 10 | 2512008 | Drinking Water | 785694 | 200000 |
| 11 | 2512009 | Sanitation | 1170500 | 300000 |
| 12 | 2513013 | EMS Total Housing Programme | 14957397 | വകയിരിത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 13 | 2513015 | Housing Eletrification | 151170 | വകയിരിത്തിയിട്ടില്ല. |
| 14 | 251300501 | Programs For The Aged | 420873 | 700000 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 25/20-21, 9/2/2022) ലഭ്യമായ മറുപടിയിൽ മൃഗസംരക്ഷണം- രൂ 1850000/-, വിദ്യാഭ്യാസം -രൂ 2100000/-, ആരോഗ്യം – രൂ 3250000/-, ഭവനനിർമ്മാണം -രൂ-35000000/-, വൃദ്ധക്ഷേമം--രൂ 700000/- എന്നിവ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ റിവൈസ്ഡ് ബഡ്ജറ്റിൽ ഇപ്രകാരം യാതൊരു തുകയും വകയിരുത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ.

1.2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (7,852,257) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (17,645,421) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി നം -26/09.02.2022-നുള്ള മറുപടിയിൽ സോഫ്റ്റ്‌വെയർ എറർ എന്നാണ് അറിയിച്ചത്.

3. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്യു നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം -26/ 09.02.2022-നുള്ള മറുപടിയിൽ വരും വർഷങ്ങളിൽ ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

4.2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്ഡ്കോഡ് | ഇനം | 2019-20, 2020-21 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100116 | CSS-Total Sanitation Campaign | 3182527* |
| 2 | 320200207 | Fund For Transferred Institutions-Ayurveda | 305503 |
| 3 | 320200310 | Drought Relief Fund | 2579 |
| 4 | 320200323 | Grant For Keralolsavam | 20000 |
| 5 | 320200399 | Grants, Funds & Contributions For Specific Purposes-Other Than Development Fund & State Sponsored | 62500 |
| 6 | 320300102 | Grants, Funds & Contributions For Specific Purposes-Other Government Agencies-Jalanidhi | 10000 |
| 7 | 320500101 | Grants, Funds & Contributions For Specific | 337652 |

| | | | |
|---|---|---|---|
| | | Purposes-Welfare Bodies-Capital | |
| 8 | 320800299 | Donations To Flood | 80441 |

*2021-22 ൽ ചെലവ് ചെയ്തിട്ടുള്ളതായി മറുപടിയില് അറിയിച്ചിട്ടുണ്ട്.

5.2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100119 | Grants, Funds & Contributions For Specific Purposes-Other Financial Institutions | 847003 |
| 2 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 1254835** |
| 3 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 1147506** |
| 4 | 320700209 | Contributions For Joint Venture Projects For Centrally Sponsored Scheme- From Block Panchayats | 500000 |
| 5 | 350200301 | Recoveries Payable Covid | 146400** |

പ്രസ്തുത തുകകൾ ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളതന്നും പ്രസ്തുത ഫണ്ടുകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 320700204, 320700205, 350200301 എന്നീ ഹെഡുകളിലെ തുകകൾ 2021-22 ൽ ചെലവ് ചെയ്തതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

6. KURDFC ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ലോൺ രജിസ്റ്റർ ലഭ്യമാക്കിയില്ല.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 42509766 | 4340000 | 46849766 | 3350627 | 43499139 |

ആയതിന്റെ കൃത്യത കണക്കാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7. B-5ഷെഡ്യൂളിലെ നീക്കിയിരിപ്പും (43499139) B-16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (43479139) പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള 20000/- രൂപ ചെലവ് ചെയ്തിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8.2019-20 സാമ്പത്തിക വർഷത്തെ B-7, RP-34 (വരവ്), RP-34 (ചെലവ്), 2020-21 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 1685 | - | - | 1685 |
| Suppliers EMD | 75620 | - | 13020 | 62600 |

| | | | | |
|---|---|---|---|---|
| Bidders EMD | 60707 | 90648 | 77800 | 73555 |
| Contractors Security Deposit | 115220 | 121700 | 93400 | 143520 |
| Suppliers Security Deposit | 4450 | 3200 | - | 7650 |
| Bidders Security Deposit | 8000 | 11100 | - | 19100 |
| Contractors Retention | 137329 | 67625 | - | 204954 |
| Other Deposit | 307845 | 120 | - | 307965 |
| Library Deposit | 0 | 1000 | - | 1000 |
| Election Deposit | 0 | 108104 | 12000 | 96104 |
| Rent Deposit | 250 | - | - | 250 |
| Auction Deposit | 69480 | - | - | 69480 |
| Other Deposit Revenue | 25305 | - | - | 25305 |

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

Contractors EMD, Rent Deposit, Auction Deposit, Other Deposits Revenue ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2019-20 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

9. B-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| Government And Other Dues Payable-Library Cess | 288489 |
| Government And Other Dues Payable-VAT | 56331 |
| Flood Cess | 3342 |
| Government And Other Dues Payable-Others | 1179 |
| Other Liabilities | 1183643 |

Government And Other Dues Payable-VAT ൽ നീക്കിയിരിപ്പായുള്ള തുക 2019-20 ലെ നീക്കിയിരിപ്പ് തന്നെയാണ്.

10. 2020-21 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്ടുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് (ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ പ്രകാരം ) | മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പോരുത്തപ്പെടുന്നില്ല) |
|---|---|---|---|---|---|---|
| 320700204 | Joint Venture -Revenue | 1230525 | 2034905 | 1510595 | 1754835 | |

| | | | | | |
|---|---|---|---|---|---|
| | Expenditure -Block Panchayath | | | | |
| 320700205 | Joint Venture -Revenue Expenditure -District Panchayath | 647506 | 1217231 | 717231 | 1147506 |
| ആകെ | | 1878031 | 3252136 | 2227826 | 2902341 |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 2902341/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 1000000/-രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

11.സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

12. 2020-21 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പദ്ധതികൾക്കായി KSEB-യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ ആയത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നം | പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 396 | പോസ്റ്റ് മാറ്റൽ | 300000 | 151170 |

13.ലഭ്യമായ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

14. വാർഷിക ധനകാര്യപത്രിക (RP.47) പ്രകാരം താഴെ പറയുന്ന മുൻകൂറുകളുടെ വരവ് – ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Festival Advances | 2000 | 12000 | 60000 | 2000 |
| Advance To Implementing Officers-Deposit With KWA | 774164 | - | 2765312 | 3539476 |
| Advance To Implementing Officers | 2163599 | 31000 | 416205 | 2408404 |
| Advance To Others | 511151 | 1453139 | 1551159 | 609171 |

| | | | | |
|---|---|---|---|---|
| Advance To Contractors | - | 156065 | - | - |

**Festival Advances, Advance To Implementing Officers, Advance To Others, Advance To Contractors വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

15.ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ട ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I)നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | വൗച്ചർ നം./തീയതി | ചെക്ക് നം / തീയതി | തുക |
|---|---|---|---|---|
| 1 | ആനാട് ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി/ 02001750273 | 21800620/ 24.11.2018 | 15802/ 24.11.2018 | 520/- |
| 2 | | 21800418/ 23.08.2018 | 13287/ 23.08.2018 | 2,850/- |
| 3 | | 21800070/ 27.04.2018 | 398/ 27.04.2018 | 3,000/- |
| 4 | | 218100419 23.08.2018 | 13287/ 23.08.2018 | 650/- |
| 5 | കാനറാ ബാങ്ക്/ 2967101007314 | 21900189/ 03.06.2019 | 926213/ 03.06.2019 | 2,310/- |
| 6 | | 21900305/ 05.07.2019 | 983695/ 05.07.2019 | 7,394/- |
| 7 | | 21801346/ 31.03.2019 | 643445/ 30.03.2019 | 12,000/- |
| 8 | | 21700780/ 05.02.2018 | 713761/ 05.02.2018 | 13,440/- |
| 9 | | 21900344/ 29.07.2019 | 643726/ 18.05.2019 | 9,306/- |
| 10 | | 2200620/ 12.10.2020 | 174823/ 12.10.2020 | 1,860/- |

Ii) ചെക്ക് നിക്ഷേപിച്ച ബാങ്കിൽ ക്രെഡിറ്റായില്ല. പ്രസ്തുത തുകകൾ പണമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർ നം/രസീത് നം,തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | കാനറാ ബാങ്ക്/ 2967101007314 | 120250500016/ 22.03.2021 | 699060/ 22.02.21 | 12595/- |
| 2 | | 12006090026/ 27.03.2021 | - | 480000/- |
| 3 | | 12025050020/ 30.03.2021 | 001695/ 26.03.2021 | 3750/- |
| 4 | | 12025050023/ 31.03.2021 | 699062/ 22.02.2021 | 778/- |
| 5 | | 12025050021/ 30.03.2021 | 001696/ 26.03.2021 | 1250/- |
| 6 | | 119090500001/ 29.07.2019 | 643726/ 13.05.2019 | 9036/- |

| | | | | |
|---|---|---|---|---|
| 7 | | 119090900054/ 11.03.2020 | -/ 29.04.2020 | 7250/- |
| 8 | | 119090900083/ 19.03.2020 | -/ 19.05.2020 | 769/- |
| 9 | | 118091000001/ 10.10.18 | -/ 03.09.18 | 15750/- |
| 10 | | 11613500015/ 28.02.17 | 2826204/ 28.02.17 | 25000/- |
| 11 | | 118130400008/ 01.02.19 | 328058/ 01.02.19 | 1250/- |
| 12 | | 120090900001/ 26.05.2020 | - | 12000/- |
| 13 | | 120250500022/ 31.03.21 | 699060/ 22.02.21 | 54000/- |
| 14 | എൽ. ജി. റ്റി. എസ്. ബി 799013000000467 | 120090500006/ 04.11.2020 | 2150940/ 04.11.2020 | 9,674/- |
| 15 | | 120090500004/ 10.08.2020 | 2150907/ 08.08.2020 | 1,36,337/- |
| 16 | | 120090500003/ 03.07.2020 | 2147057/ 01.07.2020 | 1,33,149/- |
| 17 | | 120090500005/ 14.09.2020 | 2150926/ 14.09.2020 | 1,33,312/- |
| 18 | ട്രഷറി റ്റി. എസ്. ബി അക്കൗണ്ട് | 118130500014/ 15.09.2018 | 1754907/14.09.2018 | 12,000/- |
| 19 | | 119090900056/ 12.03.2020 | -/ 01.05.2020 | 14,020/- |

Iii) ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | തീയതി | തുക |
|---|---|---|---|
| 1 | കാനറാ ബാങ്ക്/ 2967101007314 | 01.03.2020 | 960/- |

Iv) ബാങ്കിൽ നിന്ന് നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുകകൾ ഏതിനത്തിലാണ് പ്രസ്തുത തുകകൾ ഡെബിറ്റ് ചെയ്തത് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | തീയതി | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | എൽ. ജി. റ്റി. എസ്. ബി 799013000000467 | 26.06.2020 | 214053 | 136778/- |
| 2 | ട്രഷറി റ്റി. എസ്. ബി അക്കൗണ്ട് | 26.05.2020 | 2324884 | 100178/- |

16.ട്രഷറി റ്റി. എസ്. ബി അക്കൗണ്ട് (702031400000003) അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 18501280/- രൂപയാണ് . എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 126918/-രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് റികൺസിലിയേഷൻ നടത്തിയിട്ടുള്ളത് AFS ലും 126918/-രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

17. I(14d) പ്രകാരമുള്ള തൊഴിൽ രഹിത വേതനയിനത്തിലെ തുകയും ആയത് പരിശോധിയ്ക്കുന്നതിനായി നൽകിയ രേഖകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ | ഇനം | AFS പ്രകാരമുള്ള | രജിസ്റ്റർ |
|---|---|---|---|

| നം | | തുക | പ്രകാരമുള്ള തുക |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 239400 | 240840 |

18. സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് പ്രകാരം 03.07.2019 മുതൽ 24.08.2019 വരെയുള്ള തീയതികളിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 27.04.2020 | 1739 | 521 | 5645 | -3385 |
| 28.04.2020 | -3385 | 47 | 0 | -3338 |
| 08.01.2021 | 133162 | 12938 | 149672 | -3572 |
| 11.01.2021 | -3572 | 6154 | 16510 | -10356 |
| 20.01.2021 | 43864 | 18342 | 63058 | -852 |
| 21.01.2021 | -852 | 14096 | 19194 | -5098 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം-26/09.02.2022-ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷം അവശേഷിക്കുന്ന പരാമർശങ്ങളാണ് നിലനിർത്തിയിട്ടുള്ളത്.

## 1-3 ഗ്രാന്റ് വിനിയോഗം

1.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30% എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 4786320/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (6729820/-) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 3270562/-രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 49% മാത്രമാണ്.

2.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർപ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും, പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വേണ്ടിയുള്ള പദ്ധതിയ്ക്കായി വകയിരുത്തേണ്ട കുറഞ്ഞതുക 1119670/-രൂപയാണ്. എന്നാൽ പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി ആകെ 950000/-രൂപ മാത്രമാണ് അടങ്കൽ വകയിരുത്തയിട്ടുള്ളത്. ആയതിൽ 839407/-രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 28/09.2.22-ന് അനുബന്ധം സാമ്പത്തിക വർഷാവസാനം ചെലവാകാത്ത പദ്ധതി സ്പിൽ ഓവർ ആയി ചെയ്യുന്നതിന് 20% അധിക വിഹിതം അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി

മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ധേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തേണ്ടതുമാണ്.

ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17771248 | 17771248 | 22402231*a | -4630983 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 6117491 | 6117491 | 4210658 | 1906833 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 233667 | 233667 | 232000 | 1667 |
| CFC(tied) | 0 | 8740000 | 8740000 | 2899706 | 5840294 |
| CFC(untied) | 0 | 16796139 | 16796139 | 12092308 | 4703831 |
| Maintenance Fund(nonroad) | 0 | 6251127 | 6251127 | 6249435 | 1692 |
| Maintenance Fund(road) | 0 | 18042000 | 18042000 | 16136115 | 1905885 |
| CSS*b | 0 | 0 | 0 | 2063286 | -2063286 |
| SSS*c | 0 | 0 | 0 | 0 | 0 |

1) *A ACR പ്രകാരമുള്ള ചെലവ് 17768604/-രൂപയാണ്.

2) *B കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) *C സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല .
വികസനഫണ്ട് നീക്കിയിരിപ്പ്/ലാപ്സായ തുക -Ve ആയതിന്റെ വിശദീകരണം ലഭ്യമാക്കിയില്ല. 2020-21 ലെ പദ്ധതി വിഹിതത്തിൽ സർക്കാർ ഉത്തരവ് മുഖേന ക്യാരി ഓവർ, അധിക വിഹിതം എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണം

1)ആസൂത്രണ സമിതി

1.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി) പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയിൽ 03.02.20, 17.02.20 എന്നീ തീയതികളിൽ സമിതി കൂടിയിട്ടുണ്ട്. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല.

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 03.02.20, 04.03.20 എന്നീ ദിവസങ്ങളിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം (സ്വീകരിച്ച നടപടി - ഓഡിറ്റ് എൻക്വയറി നമ്പർ 39 / 15.02.2022-ന്റെ മറുപടി) |
|---|---|---|---|
| I | ദാരിദ്രലഘൂകരണം | 04.03.20 | തുറസ്സായ കുടിവെള്ളക്കിണറുകൾ ശുചിത്വകിണറുകളാക്കൽ.<br>(2019-20 ൽ മേൽ നിർദ്ദേശവുമായി ബന്ധപ്പെട്ട പദ്ധതികൾ 2020-21ൽ സ്പിൽ ഓവർ ആയി തുടർന്നിരുന്നതിനാൽ പുതിയ പദ്ധതി രൂപീകരിച്ചിരുന്നില്ല.) |
| Ii | ശുചിത്വം,കുടിവെള്ളം | 03.02.20 | പൊതുടോയ്‌ലറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ ടോയലറ്റ് സ്ഥാപിക്കുക<br>ജല ദൌർലഭ്യത പരിഹരിക്കുന്നതിന് കുഴൽ കിണർ നിർമ്മിക്കുക<br>(2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പട്ടുത്തി അംഗീകാരം നേടി തുടർനടപടി സ്വീകരിച്ചു വരുന്നു) |
| Iii | വിദ്യാഭ്യാസം ,കല ,സംസ്കാരം | 04.03.20 | ഗവ. എൽ .പി എസ് കുഴിവിളയ്ക്ക് ജലദൗർലഭ്യം പരിഹരിക്കുക<br>( ബജറ്റിൽ വകയിരുത്തിയ തുകയിൽ കുറവ് വന്നതിനാൽ പ്രത്യേകപദ്ധതി രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല) |

4) സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാര നടപടികൾ (ഓഡിറ്റ് എൻക്വയറി നമ്പർ 39 / 15.02.2022-ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതു ഭരണവും ധനകാര്യവും | ഗുരുതരം | പഞ്ചായത്തിന്റെ തെരുവ്വിളക്ക് പരിപാലനം | വാർഷികപദ്ധതിയിൽ തുക വകയിരുത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| | | ഗുരുതരം | പൂർണ്ണമായ ജിയോഇൻഫർമേഷൻ | കരകുളം ഗ്രാമീണപഠനകേന്ദ്രത്തിന്റെ സഹായത്തോടെ GIS മാപ്പിംങ് എന്ന പദ്ധതി നടപ്പിലാക്കി സമഗ്രമായ വിശകലന വിവരങ്ങൾ രൂപീകരിച്ച് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. |
| | | അതീവ ഗുരുതരം | പഞ്ചായത്തിന്റെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക | പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| Ii | വിദ്യാഭ്യാസം, കലയും സംസ്കാരവും | | അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ | പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| | | ഗുരുതരം | വിദ്യാഭ്യാസഗുണനിലവാര വർദ്ധനവ് | പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| Iii | ആരോഗ്യം | ഗുരുതരം | കുട്ടികളിലെ ശ്വാസരോഗം | പദ്ധതി രൂപീകരിച്ച് പ്രശ്നം പരിഹരിച്ചിട്ടുണ്ട് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രശ്നപരിഹാരത്തിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല. |
| | | അതീവ ഗുരുതരം | കൗമാരക്കാരിലെ പെരുമാറ്റവൈകല്യം | " |
| | | ഗുരുതരം | സ്ത്രീകളിലെ വിളർച്ച | " |
| Iv | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | തൊഴിലില്ലായ്മ | പ്രശ്നം പരിഹാരത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| V | പട്ടികജാതി വികസനം | ഗുരുതരം | കുടിവെള്ള | പ്രശ്നം പരിഹാരത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| | | ഗുരുതരം | മദ്യം മയക്കമരുന്ന് ലഹരി ഉപയോഗം | പദ്ധതി രൂപീകരിച്ച് പ്രശ്നം പരിഹരിച്ചിട്ടുണ്ട് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുതപ്രശ്നപരിഹാരത്തിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല. |
| | | ഗുരുതരം | പട്ടയം ഇല്ലാത്ത ഭൂമി | " |

5) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 218280675/- രൂപയും ചെലവ് 88898608/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 40.7% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 6729820 | 3270562 | 49% |
| | സേവനം | 18929075 | 12561510 | 66% |
| | പശ്ചാത്തലം | 350000 | 347835 | 99% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 8528773 | 2563106 | 30% |
| | പശ്ചാത്തലം | 0 | 0 | 0 |
| പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 0 | 0 | 0 |
| | പശ്ചാത്തലം | 0 | 0 | 0 |

## 1-5 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 239400 | 341 |
| കർഷക തൊഴിലാളി പെൻഷൻ | 9528700 | 732 |
| വിധവാ പെൻഷൻ | 25088600 | 1842 |
| വാർദ്ധക്യകാല പെൻഷൻ | 37224400 | 2835 |
| വികലാംഗ പെൻഷൻ | 6763900 | 479 |
| വിവാഹ ധനസഹായം | 150000 | 5 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 779500 | 62 |

## 1-5-1 പെൻഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019-ലെ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത്, അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. സാമൂഹ്യ സുരക്ഷാപെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തികളുടെ പേരും അഡ്രസ്സും മാത്രമേ ഉള്ളൂ. ടി വ്യക്തികളിൽ നിന്ന് അപേക്ഷ സ്വീകരിച്ച തീയതി, അന്വേഷണത്തിനായി അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന കൈമാറ്റം ചെയ്ത തീയതി, സ്റ്റാറ്റസ് കോളത്തിൽ ടി വ്യക്തികൾക്ക് എന്ന മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐ ഡി നമ്പർ എന്നീ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ഫയൽ നം / തീയതി | പെൻഷൻ |
|---|---|---|---|
| 1 | കേശവൻ നായർ | A6 2338/20 | വാർദ്ധക്യകാലപെൻഷൻ |
| 2 | സുഭാക്ഷിണി കെ | A6 2445/20 | വാർദ്ധക്യകാലപെൻഷൻ |
| 3 | മോഹനൻ ജി | A6 2471/20 | വാർദ്ധക്യകാലപെൻഷൻ |
| 4 | ജയകുമാർ | A6 2784/20 | വാർദ്ധക്യകാലപെൻഷൻ |
| 5 | രാധ | A3 1885/20 | വാർദ്ധക്യകാലപെൻഷൻ |
| 6 | നിർമ്മല കെ | A7/491/21 30/1/21 | വിധവാപെൻഷൻ |
| 7 | ഷീബ പി | A7/1767/21 8/2/21 | വിധവാ പെൻഷൻ |
| 8 | വൽസല പി | A6/6234/20 9/10/20 | വിധവാ പെൻഷൻ |
| 9 | ഫെമിന | A6/5799//20 22/9/20 | വിധവാ പെൻഷൻ |
| 10 | സജീന | A6/4862/20 5/8/20 | വിധവാ പെൻഷൻ |
| 11 | മാജീദാബീവി | A6/6037/20 30/9/20 | കർഷകക്ഷേമ പെൻഷൻ |
| 12 | ചന്ദ്രിക | A6/5814/20 22/9/20 | കർഷകക്ഷേമ പെൻഷൻ |
| 13 | രാധാകൃഷ്ണൻ | A6/6226/20 9/10/20 | കർഷകക്ഷേമ പെൻഷൻ |
| 14 | വസന്ത | A7/485/21 13/1/21 | കർഷകക്ഷേമ പെൻഷൻ |
| 15 | നിർമ്മല | A7/3565/21 13/4/21 | കർഷകക്ഷേമ പെൻഷൻ |
| 16 | അഭിഷേക് | A6/4968/20 10/8/20 | വികലാംഗപെൻഷൻ |
| 17 | അനീഷ് | A6/5875/20 24/9/20 | വികലാംഗപെൻഷൻ |
| 18 | നസീർ | A6/5463/20 3/9/20 | വികലാംഗപെൻഷൻ |

| | | | |
|---|---|---|---|
| 19 | ബിന്ദു | A6/6808/20 2/11/20 | വികലാംഗപെൻഷൻ |
| 20 | അബിയ | A6/7900/20 28/12/20 | വികലാംഗപെൻഷൻ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 11/8/2/2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

## 1-5-2 പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

2020-2021 സാമ്പത്തിക വർഷത്തിൽ ആനാട് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങൾ രജിസ്റ്റർ ചെയ്യാൻ ലഭ്യമായ അപേക്ഷകളുടെ വിവരവും സേവന സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു. സർക്കുലർ നം.69/2018/ധന തീയതി 26/07/2018 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. അതു പോലെ മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽനിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ടി നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

ഉദാ--

| ക്രമ നം | ആധാർ നം | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 964047318522 | ഗോമതി സി. | കർഷക ക്ഷേമ പെൻഷൻ | 22/12/20 | 12 മാസം<br>01/2021 മുതൽ 12/2021 വരെ<br>1500x3 =4500<br>1600x9=14400 | 18900 |
| 2 | 569916681002 | എസ് മുരളീധരൻ | വാർദ്ധക്യകാല പെൻഷൻ | 23/11/20 | 14 മാസം<br>12/20 മുതൽ 01/22 വരെ<br>12/20 To3/21=1500x4=6000<br>4/21 To 1/22 1600x10=16000 | 22000 |
| 3 | 645437063899 | തുളസി എസ് | വാർദ്ധക്യകാല പെൻഷൻ | 24/12/20 | 6 മാസം<br>01/21 മുതൽ 06/21 വരെ<br>1500x3=4500<br>1600x3=4800 | 9300 |
| 4 | 898062463159 | രഘുനാഥൻ ഉണ്ണിത്താൻ | വാർദ്ധക്യകാല പെൻഷൻ | 26/10/20 | 15 മാസം<br>11/20 മുതൽ 01/22 വരെ<br>1500x5=7500<br>1600x10=16000 | 23500 |
| 5 | 930365695734 | സരസ്വതിയമ്മ | കർഷക ക്ഷേമ പെൻഷൻ | 29/10/20 | 15 മാസം | 23300 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 11/20 മുതൽ 01/22 വരെ<br>11/20to 12/20 1400x2=2800<br>1500x3=4500<br>1600x10=16000 | |
| 6 | 339069231549 | എ സദാശിവൻ | വാർദ്ധക്യകാല പെൻഷൻ | 25/10/20 | 15മാസം<br>11/20 To 12/20 1400x2=2800<br>1/21 To 3/21=1500x3=4500<br>4/21 To 1/22<br>1600x10=16000 | 23300 |
| 7 | 892719719965 | എൻ ശിവരാമൻ നായർ | കർഷക ക്ഷേമ പെൻഷൻ | 8/10/20 | 15 മാസം<br>11/20 മുതൽ 01/22 വരെ<br>11/20 To12/20 1400x2=2800<br>1/21 To 3/21 1500x3=4500<br>4/21 To 1/22 1600x10=16000 | 23300 |
| 8 | 380958830814 | പങ്കജാക്ഷിയമ്മ | വാർദ്ധക്യകാല പെൻഷൻ | 9/9/20 | 17 മാസം<br>11/20 മുതൽ 02/22വരെ<br>1400x2=2800<br>1500x3=4500<br>1600x11=17600 | 24900 |
| 9 | 953697484541 | സുഭദ്ര | വിധവാ പെൻഷൻ | 25/9/20 | 16 മാസം<br>10/20 To 1/22<br>1400x3=4200<br>1500x3=4500<br>1600x10=16000 | 24700 |
| 10 | 571758157470 | ബദറുദ്ദീൻ എസ് | വാർദ്ധക്യകാല പെൻഷൻ | 24/9/20 | 16 മാസം<br>10/20 To 1/22<br>1400x3=4200<br>1500x3=4500<br>1600x10=16000 | 24700 |
| 11 | 304773479480 | ബേബി ടി | വാർദ്ധക്യകാല പെൻഷൻ | 14/9/20 | 16 മാസം<br>10/20 To 1/22<br>1400x3=4200<br>1500x3=4500<br>1600x10=16000 | 24700 |
| 12 | 650022619220 | വസുമതി | വാർദ്ധക്യകാല പെൻഷൻ | 10/9/20 | 16 മാസം<br>10/20 To 1/22<br>1400x3=4200<br>1500x3=4500<br>1600x10=16000 | 24700 |
| 13 | 882217790419 | രാമൻ | വാർദ്ധക്യകാല പെൻഷൻ | 10/9/20 | 16 മാസം<br>10/20 To 1/22<br>1400x3=4200<br>1500x3=4500 | 24700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 1600x10=16000 | |
| 14 | 780629740348 | സദാശിവൻ കെ | കർഷക ക്ഷേമ പെൻഷൻ | 11/9/20 | 16 മാസം<br>10/20 To 1/22<br>1400x3=4200<br>1500x3=4500<br>1600x10=16000 | 24700 |
| 15 | 361948168227 | മണിയൻ നായിഡു | വാർദ്ധക്യകാല പെൻഷൻ | 30/7/20 | 18 മാസം<br>8/20 To 11/20<br>1400x5=7000<br>1500x3=4500<br>1600x10=16000 | 27500 |
| 16 | 206217939598 | സി ലക്ഷ്മിഅമ്മ | വിധവാ പെൻഷൻ | 28/7/20 | 18 മാസം<br>8/20 To 11/20<br>1400x5=7000<br>1500x3=4500<br>1600x10=16000 | 27500 |
| 17 | 735615211664 | അബ്ദുൾ ഖരീം | വാർദ്ധക്യകാല പെൻഷൻ | 26/6/20 | 19 മാസം<br>7/20 To 1/22<br>1400x6=8400<br>1500x3=4500<br>1600x10=16000 | 28900 |
| 18 | 498396532217 | ചെല്ലമ്മ | വിധവാ പെൻഷൻ | 25/6/20 | 19 മാസം<br>7/20 To 1/22<br>1400x6=8400<br>1500x3=4500<br>1600x10=16000 | 28900 |
| | | | | | ആകെ | 429500/- |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23/20-21 ,9/2/2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ അധികമായി നൽകിയ തുക സംബന്ധിച്ച് സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കനുസൃതമായി എടുത്ത നടപടിക്രമങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-5-3 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം.

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായത്തിനുള്ള തുക വിതരണം ചെയ്യുമ്പോൾ അപേക്ഷയോടൊപ്പം വിവാഹ ക്ഷണകത്ത്, വരുമാനസർട്ടിഫിക്കറ്റ്, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, ടി തുക ഈ വിവാഹത്തിനായി, മുമ്പ് കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ടി നിബന്ധന പാലിച്ചിട്ടില്ല. 5 ഗുണഭോക്താക്കൾക്ക് 30000/-രൂപ നിരക്കിൽ ആകെ 150000/-രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷഫോറം, രജിസ്റ്ററുകൾ തുടങ്ങി മറ്റു അനുബന്ധ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/20-21, 8/2/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

### 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2022 10.30 Am-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22200/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.മോബൈൽ ടവറുകളിൽ നിന്ന് നികുതി ഈടാക്കുന്നില്ല.
2.തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിക്കുന്നില്ല.
3.സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.
4.ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
5.ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.
6.പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.
7.വാർദ്ധക്യ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 702277 | 1495906 | 2198183 | 1458433 | 739750 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50131555 | 50131555 | 50131555 | 0 |
| ആകെ | 702277 | 51627461 | 52329738 | 51589988 | 739750 |

* ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക I 6 ലും I 14a-ലും വ്യത്യാസപ്പെട്ടിരിക്കുന്നു.

** ഭരണച്ചെലവുകൾക്കായി ലഭ്യമായ വരവ്, ചെലവ്, നീക്കിയിരിപ്പും ആകെ നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B4 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-9 മറ്റ് ഓഡിറ്റ് നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2019 | 2016-17 To 2018-2019 | 2019 |

### 1-10 ലൈബ്രറിയുടെ വരവ് സംബന്ധിച്ച്.

1. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കൾ 7, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ കൃഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എല്ലാ പണമിടപാടുകളും യാതാരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ, ലൈബ്രറി രസീത് പ്രകാരമുള്ള വരവുതുകകൾ കൃത്യമായി പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. 16/11/20 -ൽ ലൈബ്രറി ഇനത്തിൽ വന്ന വരവായ 168/-രൂപ 21/4/2021- ൽ ആണ് അടച്ചത്.

2. 2020-21 സാമ്പത്തിക വർഷത്തിൽ ലൈബ്രറി ഇനത്തിൽ വന്ന ആകെ വരവ് 744/- രൂപ ആകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| രസീത് നം | തീയതി | തുക |
|---|---|---|
| 14 | 09/11/20 | 144 |
| 15 | 12/11/20 | 144 |
| 16 | 12/11/20 | 144 |
| 17 | 16/11/20 | 144 |
| 18 | 16/11/20 | 168 |
| | ആകെ | 744/- |

എന്നാൽ AFS പ്രകാരം യാതൊരു വരവും ടി ഇനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/20-21, 14/2/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം 232(1) പ്രകാരമുള്ള അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു .

1. ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ലൈസൻസ് പുതുക്കുന്നതിനുള്ള /അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നിർബന്ധമായും നടത്തിയിരിക്കണം. പ്രസ്തുത ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതുമാണ്. എന്നാൽ ഈ നടപടി ക്രമം പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ് / കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | അബ്ദുൾ ലത്തീഫ് | X/62 | മാരുതി കാർ സർവ്വീസ്സിംഗ് |
| 2 | റ്റി സതികുമാർ | VI/61 B/2025 | ബ്യൂട്ടി പാർലർ |
| 3 | മുഹമ്മദ് നിസ്സാർ | X/173 D | M R ഗാർഡൻസ് |
| 4 | ജാഫറുദ്ദീൻ | VII/19 A | അലുമിനിയം ഫേബ്രിക്കേഷന്റെയും ടൂൾസിന്റെയും |

| | | | |
|---|---|---|---|
| | | | ഉൽപ്പാദനം |
| 5 | രാമചന്ദ്രൻ പി | 3/610 C | ഹോളോബ്രിക്സ് കമ്പനി |
| 6 | പ്രസാദ് എസ് വി | 19/263 C D E | റോയൽ ടച്ച് ഇന്റർ ലോക്ക് |
| 7 | വനജ (കുടുംബശ്രീ മുഖേന സ്വയം തൊഴിൽ) | II/462 | പലഹാരം ഉണ്ടാക്കി വിൽപ്പന നടത്തുന്ന സ്ഥാപനം |
| 8 | രാഹുൽ ബിജു | XVI/6 | ദിൻസാ ഫർണിച്ചർ കട |

2. ലൈസൻസിനുള്ള അപേക്ഷകളിൽ മലിനീകരണ നിയന്ത്രണബോഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഉദാ :-

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | അബ്ദുൾ ലത്തീഫ് | X/62 | മാരുതി കാർ സർവ്വീസ്സിംഗ് |
| 2 | യമുനാകുമാരി എസ് | XVII/206 | വുഡ് ഇൻഡസ്ട്രീസ് |
| 3 | രത്നകുമാരി റ്റി | 17/283 | രത്ന റൈസ് മിൽ |
| 4 | ആർ വിജയൻ | XVII/723 A | പൂർണ്ണിമ ഹോളോബ്രിക്സ് |
| 5 | നജ്ജംഖാൻ | XI/645 | ഹോളോബ്രിക്സ് & ഇന്റർ ലോക്ക് |
| 6 | ആർ ബാബു | 5/430 A | ഫ്ളവർ മിൽ |

മേൽ സൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് 7/2/2022- ൽ നൽകിയ ഓഡിറ്റ് എൻക്വയറി 2/20-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 ഷോപ്പിംഗ് കോംപ്ളക്സ് വാടക--അപാകതകൾ.

2020-21 സാമ്പത്തിക വർഷം ആനാട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് കടമുറികളുടെ വാടക രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.

1. ആനാട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ്

| ക്രമ നം | പേര് | കടമുറികൾ | വാടക | കാലയളവ് | കുടിശ്ശിക(രൂ) |
|---|---|---|---|---|---|
| 1. | സജീർ എസ് | കടമുറി 1 | 800+GST+Flood Cess | 12 മാസം കുടിശ്ശിക ഉണ്ട് (952x12) | 11424 |
| 2 | സജീർ എസ് | കടമുറി 2 | 800+GST+Flood Cess | 12മാസം കുടിശ്ശിക ഉണ്ട്(952x12) | 11424 |
| 3 | മുഹമ്മദ് താഹ | കടമുറി 3 | 1640 | സെപ്റ്റംബർ മുതൽ മാർച്ച് 7 മാസം | 13120 |
| 4 | മുഹമ്മദ് അറഫ് | കടമുറി 6 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 12മാസം | ലഭ്യമല്ല |
| 5 | എ ആലാവുദ്ദീൻ | കടമുറി 8 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 12 മാസം | ലഭ്യമല്ല |

2. ചുള്ളിമാനൂർ  മാർക്കറ്റ് ഷോപ്പിംഗ് കോപ്ളക്സിലെ കടമുറികളിൽ നിന്നും വാടകയിനത്തിൽ യാതൊരു തുകയും ലഭ്യമായിട്ടില്ല.

| ക്രമ നം | പേര് | കടമുറികൾ | വാടക | കാലയളവ് |
|---|---|---|---|---|
| 1. | അലാവുദദ്ദീൻ | കടമുറി 1 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 12 മാസം |
| 2 | ഷംസുദ്ദീൻ | കടമുറി 2 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 12മാസം |
| 3 | | കടമുറി 3 | ഒഴിഞ്ഞു കിടക്കുന്നു. | - |
| 4 | | കടമുറി 4 | ഒഴിഞ്ഞു കിടക്കുന്നു. | |
| 5 | | കടമുറി 5 | ഒഴിഞ്ഞു കിടക്കുന്നു. | |
| 6 | | കടമുറി 6 | ഒഴിഞ്ഞു കിടക്കുന്നു. | |
| 7 | | കടമുറി 8 | ഒഴിഞ്ഞു കിടക്കുന്നു | - |
| 8 | | കടമുറി 9 | ഒഴിഞ്ഞു കിടക്കുന്നു | - |

| | | | | |
|---|---|---|---|---|
| 9 | | കടമുറി 12 | ഒഴിഞ്ഞു കിടക്കുന്നു | |

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് (നം3/20-21, 7/2/22) എൻക്വയറിയുടെ മറുപടിയിൽ വാടക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന തുക കൃത്യമായി കണക്കാക്കി കടമുറി വാടകയ്ക്ക് എടുത്തിട്ടുള്ള ആൾക്കാരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 2020-2021- ലെ വാർഷിക ധനകാര്യപത്രികയിൽ 113002/-(C), 46837/-( A) എന്നീ തുകകൾ വാടകയിനത്തിൽ വരവായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഫയലുകളോ രജിസ്റ്ററോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ അതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് (3/20-21, 7/2/22) അടവാക്കിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ലഭ്യമായ മറുപടി. രജിസ്റ്ററിൽ നിന്ന് ഈ വിവരങ്ങൾ ലഭ്യമല്ല

4. 2020-21 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എത്ര കടമുറികൾ ഉണ്ട് എത്ര കടമുറികളുടെ ലേലം നടന്നു ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ എണ്ണം ഇവ സംബന്ധിച്ച് 3/20-21, 7/2/22 -നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലേലം നടന്നിട്ടില്ലെന്നും Renew ചെയ്ത്, ഉപയോഗിക്കുന്നതായും അറിയിച്ചിരിക്കുന്നു. 3 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നതായും അറിയിച്ചു.

5. ത.സ്വ.ഭ.വ(ആർ സി) വകുപ്പിന്റെ 27.07.2021 തീയതിയിലെ സ.ഉ (സാധാ) നം 14/10/2021 ത സ്വ ഭ ഉത്തരവ് പ്രകാരം വാടക ഒഴിവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ ഉത്തരവിനു മുൻപ് വാടക ഒഴിവാക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടെങ്കിൽ ആയത് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (3/20-21, 7/2/22) മറുപടിയിൽ അത്തരം കമ്മിറ്റി തീരുമാനം എടുത്തിട്ടില്ലായെന്ന് അറിയിച്ചു. 27.07.2021 -ലെ ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കടമുറികളുടെ വാടക ഒഴിവാക്കിയത് എപ്രകാരമാണെന്ന് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 കെട്ടിട പെർമിറ്റ് ഫീസ് സംബന്ധിച്ച്.

2020-2021 സാമ്പത്തിക വർഷത്തിൽ ആനാട് ഗ്രാമപഞ്ചായത്തിലെ കെട്ടിട പെർമിറ്റ് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1. കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് ഈടാക്കിയ രേഖയില്ല.

ഉദാ.

| ക്രമനം | ഫയൽ നം, തീയതി | പേര് | കെട്ടിടത്തിന്റെ സ്വാഭാവം | തറവിസ്തീർണ്ണം |
|---|---|---|---|---|
| 1 | A4/7658/20 | സലീംകെ | Residential | 215.12$m^2$ |
| 2 | A4/1161/21 | പ്രസാദ് ഡി | Residential | 110.14$m^2$ |
| 3 | A4/1162/21 | പ്രസാദ് ഡി | Land Development | 72$m^2$ |
| 4 | A4/1222/21 | ഷെർമിൻ | Residential | 139.09$m^2$ |
| 5 | A4/1300/21 | സുനിൽകുമാർ | Residential | 116$m^2$ |
| 6 | A4/2886/21 | ജിജുമോൻ | Commercial | 71$m^2$ |

2. പെർമിറ്റ് ഫീസിനത്തിൽ ഈടാക്കിയ തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ--

| ക്രമനം | ഫയൽ നം, തീയതി | പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ സ്വാഭാവം |
|---|---|---|---|---|
| 1 | A4/2647/21 | പ്രിയദർശൻ | 289.14 $M^2$ | പാർപ്പിടാവശ്യം |
| 2 | A4/1031/21 | ജോതിഷ്കുമാർ &സജ്ന | 146.51 $M^2$ | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| 3 | A4/1684/21 | സൂരജ് ആർ എസ് | 180.34 $M^2$ | പാർപ്പിടാവശ്യം |
| 4 | A4/3383/21 | വിവേക് വി | 93.76 $M^2$ | പാർപ്പിടാവശ്യം |
| 5 | A4/7659/20 | കമലാഭായി | 101.04 $M^2$ | പാർപ്പിടാവശ്യം |
| 6 | A4/21/21 | ശ്രീ ഷംനാദ് എസ് | 105.39 $M^2$ | പാർപ്പിടാവശ്യം |
| 7 | A4/5783/20 | ഗിരികൃഷ്ണ | 184 $M^2$ 103 (Resi) 81 (Com) | പാർപ്പിടാവശ്യം/വാണിജ്യം |
| 8 | A4/7616/20 | രാജമ്മ | 167 $M^2$ | പാർപ്പിടാവശ്യം |

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/20-21, 8/2/2022-ന് പെർമിറ്റ് ഫീസ് അടവാക്കിയിട്ടുള്ളവയിൽ രസീത് നമ്പർ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചു. രജിസ്റ്ററുകളുടെ പരിപാലനത്തിൽ കൃത്യത പാലിക്കേണ്ടതാണ്.

## 1-14 ലേലം സംബന്ധിച്ച്.

2020-2021 സാമ്പത്തിക വർഷത്തിൽ ആനാട് ഗ്രാമപഞ്ചായത്തിലെ ലേലം സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും ഓഡിറ്റിൽ ഹാജരാക്കിയില്ല. എന്നാൽ AFS പ്രകാരം Scrap Value ഇനത്തിൽ 21750/-കാണുന്നു. ആയതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/20-21, 09/02/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 മോബൈൽ ടവറുകളിൽ നിന്ന് നികുതി ഈടാക്കേണ്ടതാണ്.

ആനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ എട്ട് മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിച്ചു വരുന്നതായും, അവയുടെ സ്ഥാപനവും പ്രവർത്തനവും ക്രമീകരിക്കാനും, വസ്തുനികുതി ഈടാക്കാനും തീരുമാനിച്ചതായും, ആയതു നടപ്പാകാത്ത പക്ഷം ടി ടവറുകൾ പൊളിച്ചുമാറ്റുന്നതാണെന്നും 18.03.2021 ജനറൽ കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം ആരാഞ്ഞു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നം (15/20-21, 08/02/2022) ന് ലഭ്യമാക്കിയ മറുപടിയിൽ, മൊബൈൽ ടവറുകൾ ക്രമീകരിക്കാൻ അതതു കമ്പനിക്ക് നിർദ്ദേശം നല്കാൻ വസ്തു ഉടമകളോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചു. എന്നാൽ ടി നടപടികളുടെ വിശദാംശമോ, ടവറുകളുടെ ഉടമസ്ഥാവകാശം, സ്ഥിതി ചെയ്യുന്ന വാർഡ്, സ്ഥാപിച്ച തീയതി എന്നീ വിശദാംശമോ, ലഭ്യമാക്കിയില്ല. ടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവു നം.GO(MS) 113/2009/LSGD പ്രകാരം, മൊബൈൽ ടവറുകളുടെ സ്ഥാപനം, പ്രവർത്തനം എന്നിവ ക്രമീകരിക്കുന്നത് തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. അതിനാൽ ടി ടവറുകൾ ക്രമീകരിക്കുകയും, അതിനു വേണ്ട ഫീസുകൾ, വസ്തുനികുതി എന്നിവ പിഴപ്പലിശ സഹിതം ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിക്കുന്നില്ല.

ആനാട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14, 16 ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല.

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയതിൽ താഴെ അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയത് 16.09.2021-ലാണ് തുക യഥാക്രമം 46360, 99510 എന്നിങ്ങനെയാണ്. ഇതിൽ പിഴ തുകയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 2 | സാഫ് ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 3 | കോഡ് ചലഞ്ച് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 4 | ബി എസ് എൻ എൽ | ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നത് 27-03-2021 ലാണ്. പിഴ ഈടാക്കിയിട്ടില്ല. |
| 5 | സി ഡി എസ് കുടുംബശ്രീ ആനാട് | ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ശിവപ്രിയ ഇൻവെസ്റ്റ്മെന്റ്സ് | രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 7 | ഹെർക്കലീസ് ഓട്ടോ മൊബൈൽസ് ഇന്റർനാഷണൽ | രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 8 | എം ജി എൻ ആർ ഇ ജി എസ് | രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കിയത് 21-06-2021 ലാണ്. |
| 9 | മാരുതി സുസുക്കി കൊല്ലം കാവ് | രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 10 | സപ്ലൈക്കോ സൂപ്പർമാർക്കറ്റ് ചുള്ളിമാനൂർ | ഒരു ജീവനക്കാരി മാത്രമേ ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

2. രജിസ്റ്ററിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓരോ സാമ്പത്തിക വർഷാവസാനവും തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേതാണ്. എന്നാൽ ആനാട് പഞ്ചായത്തിൽ ഇത് പാലിക്കപ്പെടുന്നില്ല.

തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കാനവശേഷിക്കുന്നവരിൽ നിന്ന് അത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019-ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാനുള്ള നടപടി അധികൃതർ സ്വീകരിച്ചിട്ടില്ല. തൊഴിൽ നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 32/2020-21 തീയതി 14-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇതേ അപാകതകൾ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും അവ

പരിഹരിക്കുന്നതിനുള്ള നടപടികൾ ഒന്നും പഞ്ചായത്തധികൃതരുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല.

## 1-17 സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.

പഞ്ചായത്തിൽ പരിപാലിക്കുന്ന രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി രണ്ട് അർദ്ധവർഷങ്ങളിലേയും ഒടുക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്ക്സ് |
|---|---|---|
| 1 | ബി എസ് എൻ എൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | കോഡ് ചലഞ്ച് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 3 | സാഫ് ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 4 | പി ആർ ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 5 | എം റ്റി ഹാൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ശിവപ്രിയ ഇൻവെസ്റ്റ്മെന്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 7 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി |

| | | |
|---|---|---|
| | ഇന്റർനാഷണൽ | ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 8 | മാരുതി സുസുക്കി, കൊല്ലങ്കാവ് | ഒന്നം രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് ആനാട് | ഒന്നം രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 10 | മുത്തൂറ്റ് ഫിൻകോർപ്പ് ചുള്ളിമാനൂർ | ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 11 | ബാങ്ക് ഓഫ് ഇന്ത്യ, ചുള്ളിമാനൂർ | ഒന്നം രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 12 | മുത്തൂറ്റ് മൈക്രോഫിൻ | ഒന്നം രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 13 | കാനറാ ബാങ്ക് ആനാട് | ഒന്നം രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 14 | ക്യാംകോ ലിമിറ്റഡ് നെടുമങ്ങാട് | ഒന്നം രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 15 | കെ എസ് എഫ് ഇ ചുള്ളിമാനൂർ | ഒന്നം രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഇത്തരത്തിൽ പിഴവ് സംഭവിക്കാതിരിക്കാൻ കൃത്യമായ ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ.

1)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ്ഒന്ന്, ആറ് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല (ഡിമാന്റ് തുക 0).

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/303 | ബി. അംബുജാക്ഷി | പാർപ്പിടം | 105.84ചമീ |
| 2 | 1/357 | ഷാജഹാൻ നസീറാബീവി | പാർപ്പിടം | 121.98 ച മീ |
| 3 | 384 | സെൽവൻ | പാർപ്പിടം | 130 |
| 4 | 435 | ചെല്ലപ്പൻ പിള്ള | പാർപ്പിടം | 125 ച മീ |
| 5 | 1/436 | വേലായുധൻ പിള്ള | പാർപ്പിടം | 130 ച മീ |
| 6 | 6/56 | സരോജിനി അമ്മ | പാർപ്പിടം | 70ച മീ |
| 7 | 6/73 | കമലാസനൻ | പാർപ്പിടം | 73ച മീ |
| 8 | 6/83 | വിജയമ്മ | പാർപ്പിടം | 81ച മീ |
| 9 | 6/84 | ശാന്തമ്മ | പാർപ്പിടം | 80ച മീ |
| 10 | 6/126 | ഷീജ | പാർപ്പിടം | 99.9ച മീ |
| 11 | 6/129B | ശിവശങ്കരൻ നായർ | പാർപ്പിടം | 70ച മീ |
| 12 | 6/151 | മോഹനചന്ദ്രൻ | പാർപ്പിടം | 89.25ച മീ |

| | | | | |
|---|---|---|---|---|
| 13 | 6/167 | ഉഷാകുമാരി | പാർപ്പിടം | 108.64 |
| 14 | 6/180 | എസ്.വിജയൻ | പാർപ്പിടം | 120 |
| 15 | 6/250 | മാനേജിങ് ഡയറക്ടർ, എ എഫ് എസ് സി ബി, ആനാട് | പാർപ്പിടം | 162 |
| 16 | 6/324 | ബി രാജീവ് | പാർപ്പിടം | 200 |
| 17 | 6/428 | രാജൻചെട്ടിയാർ | പാർപ്പിടം | 81.9 |
| 18 | 6/434 | അൻസാർ & റൂബി | പാർപ്പിടം | 72 |
| 19 | 6/435 | സതീശൻ.സി | പാർപ്പിടം | 91.92 |
| 20 | 6/469 | കെ.ചന്ദ്രശേഖരൻ നായർ | പാർപ്പിടം | 75.02 |
| 21 | 6/470 | സുരേഷ് | പാർപ്പിടം | 109.18 |
| 22 | 6/471 | ജി.ചന്ദ്രൻ ഉഷകുമാരി | പാർപ്പിടം | 72.68 |
| 23 | 6/473 | കൃഷ്ണൻനായർ | പാർപ്പിടം | 74.24 |
| 24 | 6/477 | ആർ.ജയചന്ദ്രൻ , തുളസി | പാർപ്പിടം | 87.98 |
| 25 | 6/484 | ജി.രവീന്ദ്രൻ | പാർപ്പിടം | 99.84 |
| 26 | 6/494 | സുകുമാരൻ | പാർപ്പിടം | 94.09 |
| 27 | 6/513 | ശൌലജകുമാരി | പാർപ്പിടം | 86.49 |
| 28 | 6/529 | കൃഷ്ണമ്മ | പാർപ്പിടം | 63 |
| 29 | 6/530 | ഷംന എസ് എസ് | പാർപ്പിടം | 72 |
| 30 | 6/537 | രാമചന്ദ്രന് | പാർപ്പിടം | 70.18 |
| 31 | 6/549 | പി. മോഹനൻ | പാർപ്പിടം | 75 |
| 32 | 6/556 | വി. മാധവൻ | പാർപ്പിടം | 68.68 |

2.സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത്രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ മേൽ വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| 1 | 7/564 | വിൻസെൻറ്, ഫിനിക്സ് ട്യൂട്ടോറിയൽ | രേഖപ്പെടുത്തിയിട്ടില്ല | 24 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ (സെ. 207 (1 (ബി))- വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 2 | 19/598 | വിനോദ്, നഴ്സിംഗ് കോളേജ്, പച്ചക്കാട്, ഇരിഞ്ചയം | രേഖപ്പെടുത്തിയിട്ടില്ല | 45 $M^2$ | വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ - വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ - (സെ.207(1 (ബി) ) |

3)മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ

രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4)ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല .

താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ 2020-21 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല.

| Sl.No | Building ID | Door NO | Owner Name | Owner Address | Total Arrear |
|---|---|---|---|---|---|
| 1 | 50263010002866 | 3/217/ | Mobile Tower | Airtel | 181917 |
| 2 | 50263010013881 | 6/590/ | Reliance Tower | Anad | 132811 |
| 3 | 50263010017104 | 16/511/B | Viorles TT Info Service | Kochi Ernakulam | 237909 |

മേൽ ടവറുകളുടെ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി.

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Receipt No | Receipt Date | Amount |
|---|---|---|---|---|---|---|---|
| 1 | 13 | 28 | D | രാജ്കുമാർ.എസ്.എസ് | 120250101199 | 22-02-2021 | 2176 |
| 2 | 14 | 264 | | മോഹനൻ. ശാന്ത | 120250102156 | 12-03-2021 | 74 |
| 3 | 16 | 15 | G | അൽകാസിമി.എ.കെ. | 120250102347 | 17/03/2021 | 3632 |
| 4 | 6 | 618 | B | നന്ദകുമാർ | 120250102454 | 18-03-2021 | 15018 |
| 5 | 12 | 280 | | ബി വി. സുനിൽരാജ് | 120130101636 | 30/09/2020 | 364 |
| 6 | 12 | 48 | B | ഷീനകുമാരി | 120130101952 | 22/10/2020 | 242 |
| 7 | 3 | 631 | G | സീനത്ത് ബീവി | 120130102792 | 28/12/2020 | 1734 |
| 8 | 11 | 403 | | എ . സൈനബാ ബീഗം | 120130102956 | 11/01/2021 | 278 |
| 9 | 17 | 627 | | വസന്ത | 120130103180 | 10/02/2021 | 694 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.38/15.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

6)സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു.

2011-ലെ കേരളപഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 വർഷത്ത പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.38/15.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 വെള്ളക്കരം-സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ആനാട് ഗ്രാമപഞ്ചായത്ത് പ്രതിമാസം 57750/-രൂപ വെള്ളക്കരമായി KWA-യ്ക്ക് നല്കിവരുന്നു. ആകെ 132 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറിക്ക് (നം.20/20-21, 08/02/2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ 15-1-20 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തുവെങ്കിലും, ആയതു നടപ്പിലായിട്ടില്ല. സർക്കാർ ഉത്തരവ് നം.2242/11 /എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 1-20 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ.

പ്രോജക്ട് നം.348/21

പ്രോജക്ടിന്റെ പേര്-ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

അടങ്കൽ തുക-2622800/-രൂ

ചെലവ് തുക- 1) 702688/-രൂ (ചെക്ക് നം-2156972/15-1-21)

2. 1217312/-രൂ (ബിൽ നം.482/26-3-21)

നിർവ്വഹണ ഏജൻസി-KWA.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ

പദ്ധതിയിൽ അംഗമാകാനായി, അടങ്കൽ തുകയുടെ 15% പഞ്ചായത്ത് വിഹിതമായും, 10% പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായും വകയിരുത്തിയാണ് മേൽ പദ്ധതി തയ്യാറാക്കിയത്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(A)അംഗീകൃത പ്രോജക്ട് പ്രകാരം, അടങ്കൽ തുകയുടെ 10%, പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ തുകയൊന്നും അടവു വന്നിട്ടില്ല ഓഡിറ്റ് എൻക്വയറി നം 5ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

(B)പദ്ധതി നടത്തിപ്പിനായി, KWA-യുമായി എഗ്രിമെന്റ് വയ്ക്കാതെയാണു തുക കൈമാറിയിട്ടുള്ളത്. നിലവിൽ കരാറിലേർപ്പെടേണ്ടതില്ല എന്ന 15/4/21ലെ സർക്കാർ നിർദ്ദേശത്തെ തുടർന്ന് അതു ഉടമ്പടി ആക്കിയില്ല, എന്ന് സെക്രട്ടറി ഓഡിറ്റ് എൻക്വയറി നം.5-ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. എന്നാൽ തുക കൈമാറിയത് 15/1/21, 26/3/21 തീയതികളിലാണ് എന്ന വസ്തുത പരിഗണിക്കുമ്പോൾ, സെക്രട്ടറിയുടെ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല.

(C) KWA യുടെ Detailed Engineering Report ലെ 'Contents' എന്ന ഭാഗത്ത് അഞ്ചാമത്തെ ഇനമായി Detailed Estimate എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആയത് KWA ലഭ്യമാക്കിയിട്ടില്ല. ഈ വിധത്തിൽ General Abstract-ന്റെ മാത്രം അടിസ്ഥാനത്തിൽ, KWA-യുമായി എഗ്രിമെന്റ് വയ്ക്കാതെ തുക കൈമാറിയത് ഉചിതമല്ല.

(D)പഞ്ചായത്ത് അംഗീകരിച്ചു നൽകിയ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും കുടിവെള്ള കണക്ഷൻ ലഭിച്ചതായി, 30/6/21-ലെ കുറിപ്പു ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

(E) നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

(F) KWA-യിൽ അടച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-21 വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി KSEB, KWA, SSA, ശുചിത്വ മിഷൻ എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ.നം | പ്രോജക്ട് നം/പേര് | നിർവ്വഹണ ഏജൻസി. | തുക. | ബിൽ നം |
|---|---|---|---|---|
| 1 | 353, പന്നിയോട്ടുകോണം ചാരുംമൂട് പൈപ്പ് ലൈൻ നീട്ടൽ | KWA | 300000 | 525/30-3-21 |
| 2 | 372, വാഴവിള വട്ടരത്തൽ, പൈപ്പ് ലൈൻ നീട്ടൽ | KWA | 100000 | 475/24-3-21 |
| 3 | 350 ആലംകോട്-മണ്ഡപം റോഡ് പൈപ്പ് ലൈൻ നീട്ടൽ | KWA | 642000 | 473/24-3-21 |
| 4 | 365 തച്ചോണം പൈപ്പ് ലൈൻ നീട്ടൽ | KWA | 98000 | 526/30-3-21 |
| 5 | 354, ആറാംപള്ളി മസ്ജിദ് നീറ്റാണി റോഡ് പൈപ്പ് ലൈൻ നീട്ടൽ | KWA | 208000 | 474/24-3-21 |
| 6 | 396, പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 33867 | 295021/27-2-21 |
| 7 | 396 പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 76701 | 645059/24-3-21 |

| | | | | |
|---|---|---|---|---|
| 8 | 396 പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 40602 | 645066/30-3-21 |
| 9 | 2, SSA വിഹിതം (ജനറൽ) | SSA | 14000000 | 52/9-5-20 |
| 10 | 5, SSA വിഹിതം (SCP) | SSA | 2000000 | 53/9-5-20 |
| 11 | 37, മെഡിക്കൽ കോളജ് മാലിന്യ പ്ലാന്റ് വിഹിതം | ശുചിത്വ മിഷൻ | 100000 | 234/8-10-20 |

20.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 KWA, KSEB നിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.

(A) KWA നിർവ്വഹിച്ച പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.Detailed Estimate ഇല്ല. Abstract Of Estimate-ന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു.

2.എഗ്രിമെന്റിൽ പൂർത്തീകരണ തീയതി ഉൾപ്പെടുത്തിയിട്ടില്ല.

3.പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

(B) KSEB നിർവ്വഹിച്ച പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.KSEB-യുമായി ഒപ്പുവച്ച എഗ്രിമെന്റ് ഫയലിൽ ഇല്ല.

2.പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.
മേല്പറഞ്ഞ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-23 ജനന, മരണ,വിവാഹ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

ആനാട് ഗ്രാമപഞ്ചായത്ത് 2019-20 വർഷം The Registration Birth And Death Rules-1999, റൂൾ 12-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള Birth Register (Form-7), Death Register (Form-7), എന്നിവയും, Registration Of Marriages (Common) Rules, റൂൾ 8 പ്രകാരമുള്ള Marriage Register എന്നിവയും പരിപാലിച്ചിട്ടില്ല. ആയത് ഗുരുതരമായ വീഴ്ചയാണ്. ജനന, മരണ, വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകളും, തുടർനടപടി ഫയലുകളും മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. ടി ഫയലുകൾ അതതു വർഷം പൂർത്തിയാകുമ്പോൾ ബൈന്റ് ചെയ്ത് രജിസ്റ്ററാക്കി സൂക്ഷിക്കുകയാണ് പതിവെന്നും, തൻവർഷം കോവിഡ് സാഹചര്യം മൂലം അപ്രകാരം ചെയ്യാൻ കഴിയാത്തതാണെന്നും ഓഡിറ്റ് എൻക്വയറി നം(16/20-21, 08/02/2022)-ന് മറുപടി കിട്ടി. നിയമപരമായി അതീവ പ്രാധാന്യമുള്ളതും, ദീർഘകാലം സൂക്ഷിച്ച് വയ്ക്കേണ്ടതുമായ ടി രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-24 കംപ്യൂട്ടർ നെറ്റ്‌വർക്കിംഗ്-ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.138 പ്രകാരം, ഗ്രാമപഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ കിട്ടുന്നതിനുള്ള നടപടികളുടെ ഭാഗമായി, കംപ്യൂട്ടർ നെറ്റ്‌വർക്കിംഗ് നടത്തുന്നതിനായി Electro Care എന്ന സ്ഥാപനത്തിന് 64199/-രൂപ നൽകിട്ടുണ്ട്. (ചെക്ക് നം.2150922/9-9-20). എന്നാൽ ടി പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖ 7.6, 7.31 എന്നിവ പ്രകാരം 15000/-രൂപയിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങളോ സേവനങ്ങളോ വാങ്ങുമ്പോൾ ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുജനങ്ങൾക്കുള്ള സേവനം തടസ്സപ്പെടാതിരിക്കാനായി, അടിയന്തിര സാഹചര്യം പരിഗണിച്ച് പ്രവൃത്തി ചെയ്തപ്പോൾ ക്വട്ടേഷൻ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി നല്കിയിട്ടുണ്ട്. മേലിൽ സർക്കാർ ഉത്തരവ് കൃത്യമായി പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ്- അപാകങ്ങൾ.

2020-21 സാമ്പത്തിക വർഷത്തെ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ

ചേർക്കുന്നു.

- 2000- ലെ കേരള പഞ്ചായത്ത്‌രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ചട്ടം 16 പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2020-21 സാമ്പത്തിക വർഷത്തിൽ മെയ്, ജൂൺ, ജൂലായ്, സെപ്റ്റംബർ, നവംബർ, ഡിസംബർ മാസങ്ങളിൽ യോഗം കൂടിയിട്ടില്ല.
- കേരള പഞ്ചായത്ത്‌രാജ് ആക്ട് 162 എ വകുപ്പ്, 11-ാം ഉപവകുപ്പ് പ്രകാരം 179-ാം വകുപ്പ് 11-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എക്സ് ഓഫിഷ്യോ സെക്രട്ടറിമാർ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കേണ്ടതും, കമ്മിറ്റിയ്ക്ക് അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്. എന്നാൽ, ഒരു സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും നിർവ്വഹണോദ്യോഗസ്ഥർ പങ്കെടുത്തതായി കാണുന്നില്ല.
- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് ബുക്കിൽ പേജ് നമ്പർ 264-ൽ യോഗം കൂടിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.
- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഹാജർ പുസ്തകത്തിൽ പേജ് 126 മുതൽ യോഗം കൂടിയ തീയതികൾ രേഖപ്പടുത്തിയിട്ടില്ല.
- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെയ്, ജൂൺ മാസങ്ങളിൽ മീറ്റിംഗ് കൂടിയതായി രേഖപ്പടുത്തിയിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.
- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്കിൽ ഒരു യോഗ അജണ്ടയും ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- ആരോഗ്യ/ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി നവംബർ, ഡിസംബർ മാസങ്ങളിൽ യോഗം കൂടിയിട്ടില്ല.

ഓരോ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും എടുത്ത തീരുമാനങ്ങൾ, അടുത്ത സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ എത്രത്തോളം പുരോഗതി കൈവരിച്ചുവെന്നത് വിലയിരുത്തുകയും, തീരുമാനങ്ങൾ ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുകയും, മിനിറ്റ്സ് ബുക്കിൽ പ്രസ്തുത വിവരങ്ങൾ കൂടെ ഉൾപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/ 2020-21, 10.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 കമ്മ്യൂണിറ്റി കിച്ചണിനു വേണ്ടി ശേഖരിച്ച അരി പാഴായി.

കോവിഡ് സാഹചര്യത്തിൽ കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പിനായി വിവിധ സ്കൂളുകളിൽ നിന്ന് ശേഖരിച്ചതിൽ മിച്ചം വന്ന അരി ആനാട് ഗവ.യു.പി സകൂളിൽ സൂക്ഷിച്ചിട്ടുള്ളതായും, ആയത് ഉപയോഗ ശൂന്യമാകും മുമ്പ് പാലിയേറ്റീവ് കെയർ പദ്ധതി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാവുന്നതാണെന്നും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ തീരുമാനം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ടി തീരുമാനം ജനറൽ കമ്മിറ്റി പരിഗണിച്ചതായി മിനിട്സിൽ രേഖപ്പെടുത്തൽ ഇല്ല. എന്നാൽ ആനാട് ഗവ.യു.പി സകൂളിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ അരി നീക്കം ചെയ്യണം എന്ന് ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ടതു പ്രകാരം, ആയത് നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം എന്ന് ജനറൽ കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ സ്കൂളിൽ നിന്ന് എത്ര അരി ശേഖരിച്ചുവെന്നും, അതിൽ എത്രമാത്രം കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പിനായി വിനിയോഗിച്ചുവെന്നും, ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/20-21, 11/02/2022) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ എത്ര മാത്രം അരി ഈ രീതിയിൽ പാഴായി പോയി എന്ന് അറിയാൻ കഴിഞ്ഞില്ല. ഇക്കാര്യത്തിൽ ജനറൽ കമ്മിറ്റിയുടെ ഭാഗത്തു വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നു. ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ.

പ്രോജക്ട് നം.SO 124

പ്രോജക്ടിന്റെ പേര്- ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ തുക-300000/-രൂ

ചെലവു തുക-150000/-രൂ

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങലിനായി 150000/-രൂ ഹോംകോയ്ക്ക് നല്കിയിരുന്നു. എന്നാൽ കോവിഡ് വ്യാപനത്തെ തുടർന്ന് അടിയന്തിരമായി വേണ്ട 133348/- രൂപയുടെ ഇമ്മ്യൂണിറ്റി ബൂസ്റ്റർ മരുന്നുകൾ വാങ്ങുകയാണ് ചെയ്തത് എന്നും, അവശേഷിക്കുന്ന 16652/-രൂപയുടെ മരുന്നുകൾ ഉടൻ എത്തിക്കാമെന്ന് ഹോംകോ അറിയിച്ചതായും ഓഡിറ്റ് എൻക്വയറി നം.22-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി മരുന്നു ലഭ്യമാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-28 എ ബി സി പ്രോഗ്രം വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0044/21 |
| പ്രോജക്റ്റിന്റെ പേര് | എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | 105000<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 105000 |
| ബിൽ നമ്പർ | 06/14-07-2020 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന 50 തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടുത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100/- രൂപ വകയിരുത്തി തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് 14.07.2020-ൽ കൈമാറി.

എ) 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. 20-04-2021, 26-04-2021, 29-04-2021 എന്നീ തീയതികളിൽ ആണ് തെരുവ് നായകളെ പിടികൂടിയത്. ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming എന്നിവ നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല (വിനിയോഗ സാക്ഷ്യപത്രത്തിൽ ഉൾപ്പെടെ). മേൽ തീയതികളിൽ പിടികൂടിയ നായകളെ തിരിച്ച് കൊണ്ട് വിട്ട തീയതി വ്യക്തമല്ല.

ബി) സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. നവജീവൻ കുടുംബശ്രീ, മരുതാമല, വിതുര ഇത്തരത്തിൽ പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി മൈക്രോ യൂണിറ്റാണോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ34/2020-21 തീയതി 15-02-2022) മറുപടി ലഭ്യമായില്ല. ആയത് അടിയന്തിരമായി നൽകേണ്ടതാണ്.

## 1-29 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0045/21 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 950000 (475000വി.ഫണ്ട്-ജനറൽ + 475000 ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 475000 |
| ബിൽ നമ്പർ | 26/20-21 Rs.400000/-<br>27/20-21 Rs.75000/- |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ രണ്ട് മാസം മുതൽ ആറ് മാസം പ്രായമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുവാനും പ്രോജക്ട് ലക്ഷ്യമിട്ടിരുന്നു. എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതിന്റെ രേഖ ഉള്ളടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെ വിശദാംശം, Thrown Out ആയ ഗുണഭോക്താക്കളുടെ എണ്ണം എന്നിവ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 35/2020-21 തീയതി 15-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതും വരും വർഷങ്ങളിൽ എസ്.എൽ.ബി.പി പ്രോജക്ട് രൂപീകരണ വേളയിൽ മുൻവർഷങ്ങളിലെ തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-30 ടി ആർ 7 എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

ജി ഒ (പി) 177/2006 തീയതി 12.04.2006, 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 20-21 വർഷത്തിൽ ഹെഡ്മാസ്റ്റർ, വെറ്റിനറി സർജൻ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായിട്ടുള്ള പ്രോജക്ടുകളിൽ ടി ആർ 7 എ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള പ്രോജക്ടുകളിൽ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടുണ്ടെങ്കിലും അത് ടി ആർ 7 എ മാതൃകയിലുള്ള ക്യാഷ് ബുക്ക് അല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 4/2020-21 07-02-2022, 36/2020-21 15-02-2022 ) ടി ആർ 7 എ മാതൃകയിലുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ മറുപടി നൽകി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക്പഞ്ചായത്ത് വിഹിതം

| മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1230525 | 2034905 | 3265430 | 1510595 | 1754835 |

എക്സ്പെൻഡീചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1. | 119-2021, സ്നേഹസ്പർശം | 138000 |
| 2. | 27/2021, ന്യൂ ലൈഫ് ലക്ഷംവീട് കോളനി (SCP) | 240000 |
| 3. | 28/2021, ന്യൂലൈഫ് – ലക്ഷംവീട് കോളനി (ജനറൽ) | 450000 |
| 4. | 206/2021, Blind School പൂർത്തീകരണം | 475690 |
| 5. | 258/2021, ക്ഷീര പദ്ധതി | 99405 |
| 6. | 284/2021, ക്ഷീര സമൃദ്ധി | 107500 |
| | ആകെ | 1510595/- |

ജില്ലാപഞ്ചായത്ത് വിഹിതം

| മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 647506 | 1217231 | 1864737 | 717231 | 1147506 |

എക്സ്പെൻഡീചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1. | 317/2021, ഹരിതകേരളം | 49000 |
| 2. | 318/2021, കിണർ റീചാർജിംഗ് | 23760 |
| 3. | 324/2021, ലക്ഷംവീട് മെയിന്റനൻസ് (ജനറൽ) | 300000 |
| 4. | 332/2021, ലക്ഷംവീട് മെയിന്റനൻസ് (SCP) | 315000 |
| 5. | 284/2021, ക്ഷീര സമൃദ്ധി | 29471 |
| | ആകെ | 717231/- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക.

KWA

| മുന്നിരിപ്പ് | 2020-21 (RP47 പ്രകാരം നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| 774164 | 2765312 | 0 | 3539476 |

എക്സ്പെൻഡീചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | 350/2021, ആലംകോട് PHC മൺറോഡ് പൈപ്പ് ലൈൻ നീട്ടൽ | 642000 |
| 2. | 353/2021, പന്നിയോട് കോണം ചാരുമൂട് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 300000 |
| 3. | 354/2021, ആറാംവളവി മസ്ജിദ് നിറ്റാണി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 208000 |
| 4. | ആനാട് പാറയ്ക്കൽ മണ്ഡപം മുഗാശ്രുപത്രി പൈപ്പ് ലൈൻ നീട്ടൽ (356/2021) | 100000 |

| | | |
|---|---|---|
| 5. | 365/2021, തച്ചോണം പ്ലാവില റോഡ് പൈപ്പ്ലൈൻ നീട്ടൽ | 98000 |
| 6. | 371/2021, താഴ്ഷം ഗ്രീൻറോഡ് പൈപ്പ് ലൈൻ നീട്ടൽ | 100000 |
| 7. | 372/2021, വാഴവിള വട്ടത്തറത്തല റോഡ് പൈപ്പ് ലൈൻ നീട്ടൽ | 100000 |
| | ആകെ | 1548000 |

KSEB

2020-21-ലെ AFS-ലെ B-18 Schedule പ്രകാരം KSEB-യ്ക്ക് മുൻകൂറായി നൽകിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ Expenditure Statement പ്രകാരം 350670/- രൂപ നൽകിയിട്ടുണ്ട്.

2020-21 ൽ KSEB-യ്ക്ക് നൽകിയ തുക (Expenditure Statement പ്രകാരം)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | 287/2021, താഴ്മല വാർഡ് സ്ട്രീറ്റ് ലൈനൻ സ്ഥാപിക്കൽ | 199500 |
| 2. | 376/2021, പോസ്റ്റ് മാറ്റൽ | 151170 |
| | ആകെ | 350670/- |

പ്രസ്തുത തുക ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക |
|---|---|---|---|---|
| KURDFC | സ.ഉ(ആർ.ടി) നം.429/2010 /തസ്വഭവ | - | 42509766 | 4340000 |

| തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|
| 3350627 | 43499139 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 33568033 |
| വരവ് | 107792983 |

| | | |
|---|---|---|
| ആകെ | | 141361016 |
| ചെലവ് | | 125438404 |
| നീക്കിയിരിപ്പ് | | 15922612 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/977/2018 തീയതി.4.6.18 | 1 |
| 2001-02 | | 2 |
| 2002-03 | | 3 |
| 2003-04 | | 1 |
| 2005-06 | | 2 |
| 2006-07 | | 2 |
| 2007-08 | | 1 |
| 2009-2010 | | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1040/2018 തീയതി.5.6.18 | 5 |
| 2011-12 | | 8 |
| 2012-13 | | 6 |
| 2013-14 | | 5 |
| 2014-15 | | 8 |
| 2015-16 | | 13 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1714/2017 തീയതി.11.8.17 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2251/2018 തീയതി.1.7.19 | 24 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/93/2020 തീയതി 10/03/2020 | 12 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്